**മധുരമായ കുട്ടികളേ, ഇപ്പോൾ നിങ്ങൾക്ക് പവിത്രമായ ജീവാത്മാവായി മാറണം. ഈ സമയം ഒരു പവിത്ര ജീവാത്മാവും ഇല്ല. അതുകൊണ്ട് സ്വയത്തെ മഹാത്മാവെന്നും പറയാൻ കഴിയില്ല.**

**ചോദ്യം:-** സത്യയുഗീ രാജ്യത്തിന്റെ സമ്മാനം ഏതു കുട്ടികൾക്കാണ് പ്രാപ്തമാകുന്നത്?
**ഉത്തരം:-** ആരാണോ ശ്രീമത്തിലൂടെ ഓർമ്മയുടെ മത്സരത്തിൽ നമ്പർ 1 ആയി പോകുന്നത്, അവർക്കുതന്നെയാണ് രാജ്യത്തിന്റെ സമ്മാനം ലഭിക്കുന്നത്. തീവ്രമായ മത്സരമാണെങ്കിൽ രജിസ്റ്ററിൽ പേര് നല്ലതാകുകയും സമ്മാനത്തിന് അധികാരിയുമാകും. നിങ്ങൾ കുട്ടികൾ ദീർഘവീക്ഷണമുള്ളവരായി മാറി ദീർഘദൂര മത്സരം നടത്തുന്നു. ഒരു സെക്കന്റിൽ പരംധാമിലെത്തി തിരിച്ചു വരുന്നു. നിങ്ങളുടെ ബുദ്ധിയിലുണ്ട് ആദ്യം നമ്മൾ മുക്തിയിലേക്ക് പോകും പിന്നീട് ജീവന്മുക്തിയിലേക്ക് വരും. നിങ്ങളുടെ പോലെ മത്സരിക്കാൻ മറ്റാർക്കും കഴിയില്ല.

**ഗീതം:-** അവസാനം ആ ദിനം ഇന്ന് വന്നു.....

**ഓം ശാന്തി** - ഇത് ആരറിയുന്നു അവസാനം ആ ദിനം ഇന്ന് വന്നു എന്ന്. കുട്ടികൾക്കറിയാം അവസാനം ഇന്ന് ആ ദിവസം വന്നു നമ്മൾ ബാബയുടെ സന്മുഖത്തിലേക്ക് വന്നിരിക്കുന്നു. ആത്മാവാണ് പറയുന്നത് ഈ ശരീരത്തിലൂടെ. ഇപ്പോൾ നിങ്ങൾ ഇരിക്കുന്നു, നമ്മൾ ആത്മാക്കൾ ഇപ്പോൾ പരംപിതാ പരമാത്മാവിന്റെ മുന്നിലാണ് ഇരിക്കുന്നത് എന്നറിയാം. 5000 വർഷം മുൻപും നമ്മൾ ആത്മാക്കൾ അതായത് ജീവാത്മാക്കൾ പരമാത്മാവിന്റെ സന്മുഖത്ത് കണ്ടിരുന്നു. ആത്മാവ് പറയുന്നു - എന്റെ ശരീരമാണ് ഇത്. ശരീരം പറയില്ല - എന്റെ ആത്മാവാണ് ഇത്. നമ്മൾ ആത്മാക്കളുടെ അച്ഛൻ അവസാനം ഇന്ന് വന്നിരിക്കുന്നു. വരിക തന്നെ വേണം, ഭക്തിക്കുശേഷം ജ്ഞാനം തരുന്നതിനുവേണ്ടി. ജ്ഞാനത്തിലൂടെ സത്ഗതി ചെയ്യുന്നതിനുവേണ്ടി അവസാനം ബാബ വന്നിരിക്കുകയാണ്. ഇന്ന് മുഴുവൻ ലോകവും അറിയുന്നില്ല. മുഴുവൻ ലോകത്തിനുമുന്നിൽ വരാനും സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് നമ്പറനുസരിച്ച് പുരുഷാർത്ഥമനുസരിച്ച് നിശ്ചയം ഉണ്ടാകും. ആദ്യം ആത്മാവാണെന്ന് നിശ്ചയിക്കുന്നു, പിന്നീട് നമ്മുടെ ബാബ വീണ്ടും വന്നിരിക്കുന്നു എന്ന നിശ്ചയം ഉണ്ടാകുന്നു. ഇങ്ങിനെ എല്ലാവർക്കും നിശ്ചയമുണ്ടാകുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടാകും. എന്നാൽ ഇങ്ങിനെയും അല്ല. ഇത് ഇടക്കിടക്ക് മറന്നു പോകുന്നു. ഇതും വിചിത്രമാണ്, നമ്മൾ ആത്മാവാണെന്നും പരംപിതാ പരമാത്മാവിന്റെ സന്മുഖത്താണ് ഇതും മറന്നുപോകുന്നു. ഇത് ലോകത്തിലുള്ളവർക്കും അറിയും പതിത ജീവാത്മാക്കളെ പാവനമാക്കി മാറ്റാൻ പരംപിതാ പരമാത്മാവ് വരുന്നു. ജീവാത്മാക്കൾക്ക് ആത്മാക്കളെ പവിത്രമാക്കി മാറ്റാൻ അറിയില്ല. എല്ലാവരും ജീവാത്മാക്കളാണ്. പരംപിതാ പരമാത്മാവ് ഒന്നേയുള്ളു. ബാബയെ ജീവാത്മാവ് എന്ന് പറയില്ല, കാരണം ബാബയ്ക്ക് സ്ഥൂലമായതോ സൂക്ഷ്മമായതോ ആയ ശരീരം ഇല്ല. ഇത് ബാബ ഇരുന്ന് മനസ്സിലാക്കിത്തരുന്നു. നിങ്ങൾ ഏതെല്ലാം പേരുള്ളവരെ കാണുന്നുവോ ബ്രഹ്മാവ്, വിഷ്ണു, ശങ്കരന്റെ ചിത്രം കാണുന്നു, അവരെല്ലാം സൂക്ഷ്മവതനത്തിലാണ് വസിക്കുന്നത്. അവരും സൂക്ഷ്മജീവാത്മാക്കളാണ്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. മനുഷ്യർ പറയുമായിരിക്കും ഇത് മഹാത്മാവാണ്. പക്ഷേ, ഈ പതീത ലോകത്തിൽ മഹാത്മാവ് എവടെനിന്നു വരും. ഇവിടെ ആരും പരമപാവനമാകുന്നില്ല. അതെ, ആ സുപ്രീം ബാബ പാവനമാക്കി പോയതാണ്. സത്യയുഗത്തിന്റെ ആദ്യം ദേവീദേവതകളായിരുന്നു. ഇത് തീർച്ചയായും മനസ്സിലാകും, അതായത് പവിത്ര ആത്മാക്കളായിരുന്നു, ഇപ്പോൾ പതീത ജീവാത്മാക്കളാണ്. പാവനജീവാത്മാക്കളും ഉണ്ടായിരുന്നു. സത്യയുഗം ആദി മുതൽ സൃഷ്ടിയിൽ പവിത്ര ജീവാത്മാക്കളായിരുന്നു. അവരെ മഹാത്മാക്കൾ എന്ന് പറയുന്നു. ബാബ മനസ്സിലാക്കിത്തരുന്നു, പതീത ലോകത്തിൽ ഒരു മഹാത്മാവും ഉണ്ടാകാൻ സാധിക്കില്ല. എല്ലാം പതീത ജീവാത്മാക്കളാണ്. പതീത ജീവാത്മാക്കൾ മറ്റുള്ളവരേയും പതിതമാക്കി മാറ്റും. അവിടെയാണെങ്കിൽ പവിത്ര ജീവാത്മാക്കളാണ്. അപ്പോൾ എന്ത് ചെയ്യും? പവിത്ര ജീവാത്മാവാക്കി മാറ്റുമെന്നല്ല. അവിടെ മാറ്റുന്നതിന്റെ കാര്യം തന്നെയില്ല. ഈ സമയം എല്ലാവരും പവിത്ര ജീവാത്മാക്കളായി മാറുന്നു. അവിടെ എല്ലാവരും പാവനമാണ്. ഇത്രയും പാവനമാക്കി മാറ്റുന്നത് ആരാണ്. ബാബ ഇരുന്ന് മനസ്സിലാക്കിത്തരുന്നു നിങ്ങൾ ദേവീ ദേവതകളായിരുന്നപ്പോൾ എല്ലാവരും പാവനമായിരുന്നു. ഇവിടെ വന്ന് പതിതരായി മാറി. ഇത് പാപ ജീവാത്മാക്കളുട ലോകമാണ്. വാക്കുകൾ ശരിക്ക് വ്യക്തമായി മനസ്സിലാക്കിക്കൊടുക്കണം. പാപ ജീവാത്മാ, എന്തെന്നാൽ ആത്മാവും പതിതം ശരീരവും പതീതമാണ്. അവിടെ മഹാത്മാവ് എന്ന വാക്ക് പറയില്ല. അവിടെ എല്ലാവരും പവിത്രമാണ്, പറയുന്നതും ദേവീദേവതകൾ എന്നാണ്. സർവ്വഗുണസമ്പന്നൻ, 16

കലാ സമ്പൂർണ്ണൻ, അഹിംസോ പരമോധർമ്മ ജീവാത്മാക്കളാണ്. സമ്പൂർണ്ണനിർവ്വികാരി അർത്ഥം സമ്പൂർണ്ണ പവിത്രത. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് സന്യാസിമാർ പവിത്രമായിരിക്കുന്നതിന് വേണ്ടിയുള്ള പുരുഷാർത്ഥികളാണ്. നല്ല നല്ല സന്യാസിമാർ പവിത്രമായിരിക്കും, അവരെ മഹാത്മാവെന്ന് പറയുന്നു. പവിത്രമായിരിക്കാൻ വേറിട്ട് താമസിക്കുന്നു. അവർ നിവൃത്തിമാർഗ്ഗത്തിലുള്ളവരാണ്. അവരെ ഭക്തിമാർഗ്ഗത്തിൽ മഹാത്മാവെന്ന് പറയും. ജ്ഞാനമാർഗ്ഗത്തിലല്ല. ജ്ഞാനവും ഭക്തിയും രണ്ടും വേറെ വേറെയാണ്. അരകൽപ്പം സത്യത്രേതായുഗത്തിൽ ജ്ഞാനത്തിന്റെ പ്രാപ്തിയാണ്. ഇവിടെ പിന്നീട് ഭക്തിയുടെ പ്രാപ്തി എന്ന് പറയും. ഇത് ഭക്തിമാർഗ്ഗമാണ്. ആദ്യം ഭക്തിയും അവ്യഭിചാരിയാണ്, പിന്നീട് അന്തിമത്തിൽ തമോപ്രധാന വ്യഭിചാരി ഭക്തി ചെയ്യുന്നു. ഇപ്പോൾ വ്യഭിചാരി ഭക്തിയുടെ അവസാനമാണ്. ബാബ വന്നിരിക്കുന്നു. ബാബ ഒരേയൊരു പ്രാവശ്യം വന്ന് ജ്ഞാനത്തിലൂടെ അരകൽപ്പത്തേക്ക് നിങ്ങളുടെ പ്രാപ്തിയുണ്ടാക്കുന്നു. നിങ്ങൾ നമ്പർ 1 പുരുഷാർത്ഥം ചെയ്യുന്നു. ചിലരാണെങ്കിൽ രാജാവും റാണിയുമായി മാറുന്നു. ചിലർ പിന്നീട് പ്രജയോ ദാസദാസിയോ ആയി മാറുന്നു. എന്തെന്നാൽ രാജധാനിയുടെ സ്ഥാപനയാണ് നടക്കുന്നത്.

നിങ്ങൾ ഇപ്പോൾ ദീർഘവീക്ഷണബുദ്ധിയുള്ളവരായി മാറുന്നു. ദീർഘവീക്ഷണബുദ്ധിയുള്ളവരെ ത്രികാലദർശികൾ എന്നു പറയുന്നു. ആർക്കാണോ 3 കാലത്തിന്റേയും 3 ലോകത്തിന്റേയും ജ്ഞാനമുള്ളത്, അവരെയാണ് ത്രികാലദർശി എന്ന് പറയുന്നത്. നിങ്ങൾ ഇപ്പോൾ 3 കാലത്തേയും അറിയുന്നു. മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം 3 ലോകമായില്ലേ. നിങ്ങൾ ഇപ്പോൾ ദീർഘവീക്ഷണമുള്ളവരായി മാറിയിരിക്കുന്നു. നിങ്ങളുടെ ബുദ്ധി ആദ്യം മുതൽ അവസാനം വരേക്കും പോകുന്നു– നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. ചിലർ ദുർബ്ബലരാണെങ്കിൽ മത്സരത്തിൽ പിന്നിലാകുന്നു. ഇതാണെങ്കിൽ വളരെ വലിയ ദീർഘവീക്ഷണത്തിന്റെ മത്സരമാണ്. ആത്മാക്കളുടെ മത്സരം ഒരിക്കലും കേട്ടിട്ടുണ്ടാകില്ല. നിങ്ങൾ ആത്മാക്കൾക്കറിയാം നമ്മൾ വിദ്യാർത്ഥികളാണെന്നും ഇതൊരു മത്സരമാണെന്നും. ഇന്ന അടയാളം വരെയെത്തി പിന്നീട് തിരിച്ചുവരണം. നിങ്ങൾ ആത്മാക്കളുടെ ഇത് ദീർഘ ദൂരത്തേക്കുള്ള മത്സരമാണ്. ബുദ്ധിക്കറിയാം നമ്മൾ വാസ്തവത്തിൽ അവിടെ വസിക്കുന്നവരാണ്. ഒരു സെക്കന്റിൽ നമ്മൾ അവിടെ എത്തിച്ചേരും, ജീവന്മുക്തമായി മാറുന്നു. നമ്മൾ ശരിക്കും പരംധാം നിവാസികളാണ്. യഥാർത്ഥ രീതിയിൽ ബുദ്ധിക്കറിയാം – നാം പരംധാമത്തിൽ പോയി പിന്നീട് വരും. എങ്ങിനെയാണോ മത്സരത്തിൽ അടയാളം വരെയെത്തി തിരിച്ചുവരുന്നത്. നമ്മളും ബാബയുടെ അടുത്തേക്ക് പോകും പിന്നീട് തിരിച്ചുവരും. ഇപ്പോൾ ആത്മാക്കൾ മത്സരിക്കാൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എല്ലാവരോടും പറയുന്നു മന്മനാ ഭവ. ബുദ്ധിയുടെ യോഗം തന്റെ ബാബയിലും പരംധാമിലും വയ്ക്കൂ. അവിടെ നിങ്ങൾ അശരീരിയായി വസിക്കുന്നു. ഇത് കേവലം നിങ്ങളുടെ ബുദ്ധിയിൽ മാത്രമാണ് യഥാർത്ഥ രീതിയിലുള്ളത്. മൂന്ന് ലോകത്തിന്റേയും മൂന്ന് കാലത്തിന്റേയും ജ്ഞാനം നിങ്ങളുടെ ബുദ്ധിയിലുണ്ട്. 84 ജന്മത്തിന്റെ ജ്ഞാനം മറ്റൊരിക്കലും ഉണ്ടാകില്ല. നിങ്ങൾക്കറിയാം നമുക്ക് ഈ മോശമായ ലോകത്തുനിന്നും മോശമായ ശരീരത്തിൽനിന്നും മുക്തമായി പോകണം. നമ്മൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. ബാബ ദിവസവും ഈ മത്സരം പഠിപ്പിക്കുന്നുണ്ട്. നിങ്ങളുടെ മത്സരം അവിനാശിയാണ്. ബാബയെ എത്രത്തോളം കൂടുതൽ ഓർമ്മിക്കുന്നുവോ അത്രയും നിങ്ങളുടെ പേര് രജിസ്റ്ററിൽ നല്ലതായിരിക്കും. ഇവരുടെ ബുദ്ധിയുടെ യാത്ര വളരെ തീവ്രമാണെന്ന് പറയും. ഓർമ്മയിലൂടെത്തന്നെയാണ് വികർമ്മം വിനാശമാവുക. ഓർമ്മിക്കുന്നില്ലായെങ്കിൽ വികർമ്മം വിനാശമാകാത്തതുകാരണം പിന്നിലായിപ്പോകും. പ്രജയും ദാസദാസിയുമാകുന്നത് ഒരു സമ്മാനമല്ല. നരനിൽനിന്നും നാരായണൻ, നാരിയിൽനിന്നും ലക്ഷ്മിയായി മാറുക ഇതിനെയാണ് സമ്മാനമെന്ന് പറയുക. ബാബ രാജ്യത്തിന്റെ സമ്മാനമാണ് നൽകുന്നത്, ബാബ യുടെ നിർദ്ദേശമനുസരിച്ച് ഓടിയാൽ മാത്രം. ചിലർക്കാണെങ്കിൽ 2 ചുവടു പോലും ഓടാൻ സാധിക്കില്ല. അഥവാ പ്രജയാകുന്നവരാണെങ്കിൽ കുറഞ്ഞ പദവി എടുക്കും. ഇവിടെയിരിക്കുന്നവരാണെങ്കിൽ പോലും രാജ്യത്തിൽ വളരെ കുറഞ്ഞ പദവിയേ ലഭിക്കുകയുള്ളു. നിങ്ങളുടെ എത്ര വിശാലബുദ്ധിയാണ്.

ഇപ്പോൾ ബാംഗ്ലൂർ, മദ്രാസിലെ കുട്ടികൾ ഇരിക്കുന്നുണ്ട്, അവർക്ക് പിന്നെ അവരുടെ ഭാഷയിൽ ആരെ ങ്കിലും മനസ്സിലാക്കിക്കൊടുക്കണം. നമ്മുടെ ഭാഷയാണെങ്കിൽ ഹിന്ദിയാണ്. കൽപ്പം മുമ്പും ഇങ്ങിനെ മനസ്സിലാക്കിക്കൊടുത്തിരിക്കും. പറയും ഭഗവാന് എല്ലാ ഭാഷയും എന്തുകൊണ്ട് അറിയുന്നില്ല. പക്ഷേ ഡ്രാമയിലില്ല. ഡ്രാമയിലുണ്ടായിരുന്നെങ്കിൽ ഞാൻ എല്ലാ ഭാഷയിലും പറയുമായിരുന്നു. നോക്കൂ, ഭിന്ന ഭിന്ന ഭാഷയിലുള്ളവർ ഇരിക്കുന്നുണ്ടെങ്കിൽ എനിക്ക് എല്ലാ ഭാഷയിലും ഇരുന്ന് പറയാനാകുമോ. ഇത് സാധിക്കുകയില്ല. ഓരോരുത്തർക്കും ഏതുവരെ കേൾപ്പിക്കും. ക്ഷീണം വരും. അപ്പോൾ മനസ്സിലാക്കിക്കൊടുക്കണം ബാബ കൽപം മുമ്പും ഏത് ഭാഷയിൽ മനസ്സിലാക്കിത്തന്നുവോ അതേ ഭാഷയിൽ മനസ്സിലാക്കിത്തരും. അതുകൊണ്ടാണ് ഹിന്ദിയിൽ പറയുന്നത്. ഇംഗ്ലീഷും അത്യാവശ്യമാണ്,

കാരണം ഇവരുടെ കണക്ഷൻ കൂടുതൽ ഇംഗ്ലീഷുകാരുമായിട്ടാണ്. റഷ്യ, അമേരിക്ക മുതലായവരുടെ ഭാഷ വ്യത്യസ്ഥമാണ്. ഒരേ ക്രിസ്ത്യൻ ധർമ്മത്തിലുള്ളവരാണ്. എന്നാൽ ഭാഷകൾ വളരെയുണ്ട്. ഇവിടെയും ഉണ്ട് എല്ലാ ഭാരതവാസി ആദിസനാതനദേവീദേവതാധർമ്മത്തിലുള്ളവർ. പക്ഷേ അവരുടെ ധർമ്മത്തെത്തന്നെ മറന്നു പോയിരിക്കുന്നു. എത്ര ഭാഷകളാണുള്ളത്. എല്ലാം ഇടകലർന്നതാണ്. ആരുടെ ഏത് ഭാഷയാണോ ആ ഭാഷയിൽ അവർക്ക് കേൾപ്പിക്കണം. ഇതിനും വളരെ സമർത്ഥൻമാർ വേണം, അത് മനസ്സിലാക്കി കേൾപ്പിക്കാൻ. കൂട്ടുകാർ അങ്ങനെയുള്ളവരെ കൂട്ടിക്കൊണ്ടു വരണം കൃത്യമായി മനസ്സിലാക്കിക്കൊടുക്കാൻ കഴിയണം. ഇതാണ് ഏറ്റവും വലിയ ചൈതന്യ തീർത്ഥസ്ഥലം. മറ്റെല്ലാം ജഡമാണ്. സാധു, സന്യാസി, മഹാത്മാക്കളെല്ലാം അവിടേക്കാണ് പോകുന്നത്. വളരെ ദൂരം പോകുന്നു. ആരാണോ ഭാരതത്തെ പാവനമാക്കി പോയത് അവരുടെ ക്ഷേത്രത്തിലേക്ക് പോകുന്നു. ഇതും മനസ്സിലാക്കേണ്ട കാര്യമല്ലേ. ബാബ പറയുന്നു. വൃക്ഷത്തിന്റെ ശാഖകളും ഇലകളും, അതിന്റെ വിസ്താരം എത്രയാണ് അത് എത്രത്തോളം മനസ്സിലാക്കിക്കൊടുക്കും! നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു – ഇത് ചെറിയ ചെറിയ ശാഖകളും ചില്ലകളുമാണ് ആണ്. ശാഖകളിലും ചില്ലകളിലും എത്ര ഇലകളുണ്ടായിരിക്കും. അളവറ്റ ആശ്രമങ്ങളും മഠങ്ങളും–നിങ്ങളുടെ തായ്ത്തടി എത്ര വലുതായിരിക്കണം, എത്ര ഇലകളുണ്ടാകണം. ആദിസനാതന ദേവീദേവതാധർമ്മം സത്യയുഗം മുതൽ ഉള്ളതാണ്. അപ്പോൾ ഹിന്ദുക്കൾ എത്രയുണ്ടാകണം, എന്നാൽ അത്രയും ഹിന്ദുക്കൾ ഇല്ല, മറ്റുള്ള ധർമ്മത്തിലേക്ക് മാറിപ്പോയിരിക്കുന്നു. ഇതാണ് കൽപവൃക്ഷം. ആരംഭത്തിൽ ആദിസനാതനദേവീ ദേവതാധർമ്മത്തിൽ ഉള്ളവരായിരുന്നു. ഹിന്ദു എന്ന് പറയുന്നവർ പോലും വാസ്തവത്തിൽ ആദിസനാതനദേവീ ദേവതാ ധർമ്മത്തിലുള്ളവരാണ്, പക്ഷേ മതം മാറിയിരിക്കുന്നു. ബാബ പറയുന്നു ഞാൻ വന്ന് വീണ്ടും ആ ദേവീ ദേവതാ എന്നു പറയുന്നവരുടെ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ആരാണോ കൺവർട്ട് ആയിരിക്കുന്നത്, അവർ തന്നെ പിന്നീട് വന്ന് സമ്പത്തെടുക്കും. എപ്പോഴാണോ ദേവീ ദേവതാ എന്ന് പറയുന്നവർ ഒരാളു പോലും ഉണ്ടാകാത്തത് അപ്പോഴാണ് ബാബ വരുന്നത്. വന്ന് മനസ്സിലാക്കിത്തരുന്നു നിങ്ങളുടെ ഓർമ്മചിഹ്നമായ വൃക്ഷം നിൽക്കുന്നു. ക്രിസ്തു വരുമ്പോൾ അവരുടെ ധർമ്മത്തെക്കുറിച്ച് ചർച്ചയേ ഉണ്ടായിരുന്നില്ല. ഇവിടെയാണെങ്കിൽ ഇപ്പോഴും ക്ഷേത്രം മുതലായവയുടെ അടയാളങ്ങൾ ഉണ്ട്. നിങ്ങളുടെ രാജ്യം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ ക്രിസ്തു മുതലായവരുടെ പേരോ അടയാളമോ ഉണ്ടാകില്ല. ഇവിടെയാണെങ്കിൽ എല്ലാവരുടേയും പേരും അടയാളവും ഉണ്ട്. നിങ്ങൾക്കറിയാം ക്രിസ്തു എപ്പോൾ വന്നു, ക്രിസ്ത്യൻ ധർമ്മം എങ്ങിനെ സ്ഥാപിച്ചു. ക്രിസ്തു ഇപ്പോൾ ഏതു ശരീരത്തിലായിരിക്കും. തീർച്ചയായും പതിത ശരീരത്തിൽത്തന്നെയായിരിക്കും. സ്വയം പാവനമായിരുന്നല്ലോ. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. നിങ്ങളെ ദൂരാംദേശികളാക്കി മാറ്റിയിരിക്കുന്നു. നമ്മൾ ആത്മാക്കൾ എവിടെ വസിക്കുന്നു. എവിടെ നിന്നു വരുന്നു. ഇതാർക്കും അറിയില്ല. വസിക്കുന്ന സ്ഥലത്തെ പരമാത്മാവെന്ന് മനസ്സിലാക്കിയിരിക്കുന്നു. വാസ്തവത്തിൽ ആത്മാവ് അസത്യമായി മാറുമ്പോൾ ശരീരവും അങ്ങിനെയായി മാറുന്നു. സന്യാസിമാർ പറയുന്നു, അസത്യമായ മായ, അസത്യമായ ശരീരം... ബാക്കി ആത്മാവാണെങ്കിൽ നിർലേപമാണ്. അവർക്ക് തോന്നുന്ന പോലെ പറയുന്നു. ഇങ്ങിനെ എന്തുകൊണ്ട് പറയുന്നില്ല മോശമായ ആത്മാവ്, മോശമായ ആത്മാവിന്റെ ശരീരം. ശരീരത്തെ ശവമഞ്ചത്തിൽ വെക്കുന്നു. ആത്മാവിനെ ഇരുത്താറില്ല. ശരീരത്തിനെയാണ് ഇരുത്തുന്നത്. ആത്മാവാണെങ്കിൽ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊരു ശരീരത്തിൽ പോയി പ്രവേശിക്കുകയാണ്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഏതൊരു സന്യാസിമാർക്കും നിങ്ങൾക്കിത് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം. ഇവിടെ പതീത ലോകത്തിൽ ഒരു മഹാത്മാവും ഇല്ല. മഹാൻ ആത്മാക്കളെയാണ് പാവന ആത്മാക്കൾ എന്നു പറയുന്നത്. അപ്പോൾ ശരീരവും പാവനമാകണം. ഇത് ഇരുമ്പുയുഗമാണ്. പക്ഷേ, കന്യകമാർ ഏതുവരെ വികാരത്തിലേക്ക് പോകുന്നില്ലയോ അവർ പൂജിക്കപ്പെടുന്നു. പവിത്രതക്കുവേണ്ടിയാണ് വിളിച്ചുകൊണ്ടിരിക്കുന്നത് – വന്ന് ഞങ്ങളെ പാവനപവിത്രമാക്കി മാറ്റൂ. വിളിച്ചുകൊണ്ടിരിക്കുന്നവരെ എങ്ങനെ മഹാൻ ആത്മാവെന്ന് പറയും. ആരും തന്നെ മഹാത്മാക്കളായില്ല. ഇതാണ് വിചിത്രനായ പരംപിതാ പരമാത്മാവ്. നിങ്ങൾക്കറിയാമോ നമ്മൾ പാവനമായ ജീവാത്മാക്കൾ ദേവീദേവതയായിരുന്നു. ഇപ്പോൾ പതീതമായി മാറി. ധർമ്മഭ്രഷ്ടരായി. ക്രിസ്ത്യാനികൾ അവരുടെ ധർമ്മത്തെ അറിയുന്നുണ്ട്. പെട്ടെന്ന് പറയും ഞങ്ങൾ ക്രിസ്ത്യനാണ്. നിങ്ങൾ ഉയർന്നതിലും ഉയർന്ന ധർമ്മത്തിലുള്ളവർ തന്റെ ധർമ്മത്തെ മറന്നുപോയി. മറന്നതിലൂടെ ധർമ്മഭ്രഷ്ടരും കർമ്മഭ്രഷ്ടരും ആയിമാറി. നിങ്ങൾ ശ്രേഷ്ഠാചാരികളായിരുന്നു. ഇപ്പോൾ രാവണൻ ഭ്രഷ്ടാചാരിയാക്കി മാറ്റി. ഇതിന്റെ അർത്ഥവും നിങ്ങൾക്ക് മനസ്സിലാകും. നിങ്ങൾ കുട്ടികൾ ഇപ്പോൾ തന്റെ ഭാവിയിലെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിന് വേണ്ടി ധാരണ ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീമതത്തിന്റെ ലംഘനം ചെയ്യുന്നതിലൂടെ ഭാഗ്യത്തിൽ വര വീണിരിക്കുന്നു. ഇതുപോലും മറന്നുപോയി ശ്രീമതം തരുന്നത് ബാബയാണ്. അങ്ങനെ അവസാനം ആ ദിവസം ഇന്ന് വന്നിരിക്കുന്നു, ഇത് നിങ്ങൾക്കറിയാം. എല്ലാവരും കൃത്യമായി അറിയുന്നില്ല, അവസാനം അറിയും എപ്പോഴാണോ പൂർണ്ണമായും മനസ്സിലാക്കുന്നത്. ഇപ്പോൾ

ഇടക്കിടക്ക് മറന്നുപോകുന്നു. എല്ലാവരും സത്യം പറയില്ല. അസത്യം പറയുന്നതിൽ സമയം എടുക്കില്ല. മായ നല്ല നല്ല യോദ്ധാക്കളായ കുട്ടികളെപ്പോലും അടിച്ചു വീഴ്ത്തുന്നു. ബാബക്കെല്ലാം അറിയാം, പറയുന്നു- നിങ്ങൾ തെറ്റുകൾ ചെയ്യുന്നു, വളരെ ഡിസ്സർവ്വീസ് ചെയ്യുന്നു, ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ദീർഘവീക്ഷണമുള്ളവരായി മാറി മൂന്നു ലോകത്തേയും മൂന്ന് കാലത്തേയും അറിഞ്ഞ് ബുദ്ധികൊണ്ട് മത്സരിക്കണം. ഈ മോശമായ ലോകം, മോശമായ ശരീരത്തിൽ നിന്നും മുക്തരാകണം.

2) അസത്യം പറയുന്ന സ്വഭാവം ഉപേക്ഷിക്കണം. ശ്രീമതത്തിന്റെ ലംഘനം ചെയ്ത് ഡിസ്സർവ്വീസ് ചെയ്യരുത്.

## വരദാനം:- ലൗകിക വൃത്തി ദൃഷ്ടിയുടെ പരിവർത്തനം ചെയ്ത് അലൗകികതയുടെ അനുഭവം ചെയ്യുന്ന ജ്ഞാനി യോഗി ആത്മാവായി ഭവിക്കൂ

ലൗകിക സംബന്ധത്തിൽ കഴിഞ്ഞും പരിധിയുള്ള സംബന്ധത്തെ കാണാതെ ആത്മാവിനെ കാണൂ. ആത്മാവായി കാണുന്നതിലൂടെ ഒന്നുകിൽ സന്തോഷമുണ്ടായിരിക്കും അല്ലെങ്കിൽ ദയ വരും. ഈ ആത്മാവ് പാവം പരവശനാണ്, അജ്ഞാനത്തിലാണ്, അജ്ഞനാണ്, ഞാൻ ജ്ഞാനവാൻ ആത്മാവാണ് അപ്പോൾ ആ അജ്ഞനായ ആത്മാവിൽ ദയ വന്ന് തന്റെ ശുഭ ഭാവനയിലൂടെ പരിവർത്തനപ്പെടുത്തി കാണിക്കും. തന്റെ മനോഭാവത്തെയും, കാഴ്ചപ്പാടിനെയും മാറ്റുന്നത് തന്നെയാണ് അലൗകിക ജീവിതം, എന്ത് കർമ്മാമണോ അജ്ഞാനി ചെയ്യുന്നത് അത് താങ്കൾ ജ്ഞാനി യോഗി ആത്മാവിന് ചെയ്യാൻ സാധിക്കില്ല. താങ്കളുടെ കൂട്ടുകെട്ടിന്റെ നിറം അവരിൽ പതിയണം.

## സ്ലോഗൻ:- തന്റെ ശ്രേഷ്ഠ കർമ്മത്തിലൂടെ വിശ്വ പിതാവിന്റെ പേര് പ്രസിദ്ധമാക്കുന്നത് തന്നെയാണ് വിശ്വ മംഗളകാരിയാകുക.